"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- കിലയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പഠനയാത്രയുടെ ഭാഗമായി ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പഞ്ചാബിലേയ്ക്ക് നടത്തിയ പഠനയാത്രയ്ക്കും വിമാനമാർഗ്ഗം യാത്ര ചെയ്തതിനും സാധൂകരണം നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐബി) വകുപ്പ്**

സ.ഉ.(സാധാ) നം.3011/2025/LSGD    തീയതി,തിരുവനന്തപുരം, 20-12-2025

---

പരാമർശം:-
1. സർക്കുലർ നം.ഐബി2/4/2024/തസ്വഭവ തീയതി. 29.01.2024
2. സർക്കുലർ നം.ഐബി2/281/2024/തസ്വഭവ തീയതി. 06.01.2025
3. ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 12.08.2025 തീയതിയിലെ 3447977-2025 നമ്പർ കത്ത്.
4. ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 15.09.2025 തീയതിയിലെ 3447977-2025 നമ്പർ കത്ത്.
5. 26.09.2025 തീയതിയിലെഐബി2-197/2025/തസ്വഭവ നമ്പർ കത്ത്.
6. ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 06.10.2025 തീയതിയിലെ  കത്ത്.

**<u>ഉത്തരവ്</u>**

കിലയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പഠനയാത്രയുടെ ഭാഗമായി ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും  ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങുന്ന 13 അംഗ സംഘം 20.09.2025 മുതൽ 24.09.2025  തീയതികളിൽ പഞ്ചാബ് സംസ്ഥാനത്തേയ്ക്ക് വിമാനമാർഗ്ഗം പഠനയാത്ര നടത്തിയിട്ടുള്ളതാണെന്നും, പഠനയാത്രയിൽ പങ്കെടുത്ത ഓരോരുത്തർക്കും 37,500/- രൂപ (മുപ്പത്തിയേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) വീതം ചെലവഴിക്കുന്നതിന് കില അനുമതി നൽകിയിരുന്നതിനാൽ അപ്രകാരം ചെലവായിട്ടുള്ളതാണെന്നും ആയതിനാൽ കിലയുടെ അനുമതി പ്രകാരം പ്രസ്തുത തീയതികളിൽ ചുവടെ പറയുന്ന 13 അംഗ സംഘം നടത്തിയ പഠനയാത്രയ്ക്കും വിമാനമാർഗ്ഗം യാത്ര ചെയ്തതിനും സാധൂകരണം നൽകണമെന്നും ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (6) പ്രകാരം അപേക്ഷിച്ചിരുന്നു.

| ക്രമ നം. | പേര് | ഔദ്യോഗിക വിലാസം |
|---|---|---|
| 1 | ശ്രീമതി. ഗീതാകുമാരി.എസ് | പ്രസിഡന്റ് |
| 2 | ശ്രീ.രാജീവ്.റ്റി | ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ |

| | | |
|---|---|---|
| 3 | ശ്രീമതി.ഷെർലി ശ്രീകുമാർ | വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ |
| 4 | ശ്രീമതി.സുൽഫിയ ഷെറിൻ | ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ |
| 5 | ശ്രീ.സുരേഷ് താനുവേലി | മെമ്പർ |
| 6 | അഡ്വ. സുധീർ കാരിയ്ക്കൽ | മെമ്പർ |
| 7 | ശ്രീമതി.സുനിത അശോക് | മെമ്പർ |
| 8 | ശ്രീ.റാഷിദ് എ വാഹിദ് | മെമ്പർ |
| 9 | ശ്രീമതി.നിഷ അജയകുമാർ | മെമ്പർ |
| 10 | ശ്രീമതി.ശ്രീലത.എസ് | മെമ്പർ |
| 11 | ശ്രീ.ഫൈസൽ അഹമ്മദ്.K I | ജോയിന്റ് ബി.ഡി.ഒ |
| 12 | ശ്രീമതി.രഹന ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 13 | ശ്രീമതി.റാഹിലത്ത് ബീവി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കിലയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പഠനയാത്രയുടെ ഭാഗമായി ഓച്ചിറ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങുന്ന 13 അംഗ സംഘം 20.09.2025 മുതൽ 24.09.2025 തീയതികളിൽ പഞ്ചാബ് സംസ്ഥാനത്തേയ്ക്ക് വിമാനമാർഗ്ഗം നടത്തിയ പഠനയാത്രയ്ക്ക്, പഠനയാത്രയുമായി ബന്ധപ്പെട്ട് അധികനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (2) ഉത്തരവിനു വിധേയമായി സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്,ചങ്ങൻകുളങ്ങര, ഓച്ചിറ.പി.ഒ കൊല്ലം-690526.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ ജനറൽ,കില,തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ/ജി&എസ്എസ്എ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Geetha T S
സെക്ഷൻ ഓഫീസർ
Date: 20-12-2025 12:48:36